
DISCOVER

ITS BEAUTY

ഭാഗം-6

# അന്തിമ വെളിപാട്



ഡോ. നാജി ഇബ്രാഹീം



# അന്തിമ വെളിപാട്

അല്ലാഹു (ദൈവം) പ്രവാചകൻ മുഹമ്മദിന് (ദിവ്യശാന്തി അവരിൽ സദാ വർഷിക്കട്ടെ) അവതരിപ്പിച്ച അന്തിമ വെളിപാടാണ് (അന്തിമ നിയമം) വിശുദ്ധ ഖുർആൻ. മനുഷ്യജീവിതത്തെ നിയന്ത്രിക്കാനും ഭരിക്കാനും അവതരിച്ച ദൈവിക ഭരണഘടനയാണ് ഖുർആൻ.


കുറ്റമറ്റ ദൈവിക ജ്ഞാനങ്ങളിലൂടെ അവന്റെ സൃഷ്ടികളെക്കുറിച്ച് സംവദിക്കുകയാണ് ഖുർആൻ. അത് സത്യം ബോധ്യപ്പെടുത്തുകയും നേർമാർഗത്തിലേക്ക് മനുഷ്യരാശിയെ ക്ഷണിക്കുകയും ചെയ്യുന്നു. മനുഷ്യന്റെ വിധിയെക്കുറിച്ചുള്ള സുപ്രധാന വിവരങ്ങൾ ഇതിൽ അടങ്ങിയിരിക്കുന്നു.

ഖുർആൻ മനുഷ്യരെ ഉദ്ബോധിപ്പിക്കുകയും, ഖുർആനികാധ്യാപനങ്ങൾ പ്രയോഗവൽക്കരിക്കാനും മനസ്സിലാക്കാനും അവർ ശ്രമിക്കുന്നതിനനുസരിച്ച് ആത്മികവും ധാർമികവും ബൗദ്ധികവും സാമൂഹികവുമായ ഉന്നതികളിലേക്ക് അവരെ ഉയർത്തുകയും ചെയ്യുന്നു.

അന്ത്യദൂതനായ മുഹമ്മദിന് പ്രവാചകത്വത്തിന്റെ തെളിവായി അവതരിച്ച അനശ്വരവും അതുല്യവും സമാനതകളില്ലാത്തതുമായ അത്ഭുതമാണ് ഖുർആൻ. പതിനാല് നൂറ്റാണ്ടുകൾക്കു മുമ്പാണ് അവതരിച്ചതെങ്കിലും, ഇന്നുമത് കേട്ടുകൂടാതെയും മാറ്റമില്ലാതെയും (അതിന്റെ യഥാർത്ഥ അറബി രൂപത്തിൽ) നിലനിൽക്കുന്നു.

**താനാണ് തന്റെ വചനം (ഖുർആൻ) അവതരിപ്പിച്ചതെന്നും അത് താൻ തന്നെ സംരക്ഷിക്കുമെന്നും** ഖുർആനിൽ അല്ലാഹു പറയുന്നു. (15:9)

മാത്രമല്ല, അല്ലാഹു ഖുർആനിൽ പ്രസ്താവിക്കുന്നു: **(നബിയേ) പറയുക: "തീർച്ചയായും, ഈ ഖുർആൻ പോലെയുള്ളതു കൊണ്ടുവരുവാൻ മനുഷ്യരും, ജിന്നുകളും ഒരുമിച്ചു ചേർന്നാലും, ഇതുപോലെയുള്ളതു അവർ കൊണ്ടുവരുന്നതല്ല; അവരിൽ ചിലർ ചിലർക്കു പിന്തുണ നൽകുന്നവരായിരുന്നാലും ശരി."** (17:88)




# മനോഹരമായ ഖുർആനിക വാക്യങ്ങൾ

ഈ ഭാഗത്ത്, ദൈവിക വചനത്തിന്റെയും ജ്ഞാനത്തിന്റെയും അനന്തമായ സമുദ്രങ്ങളിൽ നിന്ന് മനോഹരമായ ചില വാക്യങ്ങൾ നിങ്ങളുമായി പങ്കുവെക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ഏകസത്യദൈവമായ അല്ലാഹുവിന്റെ വചനങ്ങളിലെ മനോഹരവും പരിശുദ്ധവുമായ ഈ നിധികൾ കൂടുതൽ കണ്ടെത്തുന്നതിന്, ഖുർആൻ സ്വയം വായിക്കാൻ നിങ്ങളെ ഞാൻ ക്ഷണിക്കുന്നു. ഒരു ആധികാരിക വിവർത്തനം സ്വന്തമാക്കാൻ ശ്രമിക്കുക, വിശ്വസനീയമായ ഇസ്‌ലാമിക വെബ്സൈറ്റുകളിൽ നിന്ന് ഓൺലൈനായി നിങ്ങൾക്ക് ആക്സസ് ചെയ്യാം. (ഈ പ്രസിദ്ധീകരണത്തിന്റെ അവസാനം ശുപാർശ ചെയ്യുന്ന ഇസ്‌ലാമിക വെബ്സൈറ്റുകൾ പരിശോധിക്കുക).

വാസ്തവത്തിൽ, എല്ലാ ഖുർആനിക സൂക്തങ്ങളും ദൈവവചനങ്ങളാണ്. ഇസ്‌ലാമിലെ നിർണായകവും സുപ്രധാനവുമായ അധ്യാപനങ്ങളെക്കുറിച്ചും ആശയങ്ങളെക്കുറിച്ചുമുള്ള ഇസ്‌ലാമിക വീക്ഷണം വ്യക്തമാക്കുന്ന വിശുദ്ധ ഖുർആനിലെ ചില മഹത്തായ വാക്യങ്ങൾ നമുക്ക് വായിച്ച് ആസ്വദിക്കാം. ഉദാഹരണമായി,

- **സത്യദൈവമായ അല്ലാഹുവിന്റെ ഏകത്വം (തൗഹീദ്)**
- **ക്ഷമയും മോക്ഷവും**
- **നീതി**
- **സമത്വം**
- **സന്ദേശത്തിന്റെ സാർവത്രികതയും ഏകത്വവും**
- **അല്ലാഹുവും അവന്റെ ദൂതനും**
- **പ്രശാന്തതയും സ്വർഗ്ഗവും**
- **പുരുഷന്മാരും സ്ത്രീകളും (ഇസ്‌ലാമിൽ)**
- **മഹത്തായ അധ്യാപനങ്ങൾ**
- **വിധികളും വിലക്കുകളും**
- **സ്മരണയും മനസ്സമാധാനവും**



# അല്ലാഹുവിന്റെ (ദൈവത്തിന്റെ) ഏകത്വം ഖുർആനിൽ

*“അല്ലാഹു - അവനല്ലാതെ ആരാധ്യനേ ഇല്ല. തീർച്ചയായും, അവൻ നിങ്ങളെ അന്ത്യനാളിലേക്ക് ഒരുമിച്ചുകൂട്ടുക തന്നെ ചെയ്യും - അതിൽ സന്ദേഹമേ ഇല്ല. ആരാണ് അല്ലാഹുവിനെക്കാൾ വർത്തമാനത്തിൽ സത്യം പറയുന്നവൻ!? [ഇല്ല, ആരുമില്ല.]”* (4:87)

*“(അങ്ങിനെയുള്ള) ആ അവനത്രെ നിങ്ങളുടെ റബ്ബായ അല്ലാഹു. അവനല്ലാതെ ആരാധ്യനേ ഇല്ല. എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവാകുന്നു (അവൻ). ആകയാൽ നിങ്ങൾ അവനെ ആരാധിക്കുവിൻ. അവൻ എല്ലാ വസ്തുക്കളുടെയും മേൽ (കൈകാര്യം) ഏറ്റെടുത്തവനുമാകുന്നു”.* (6:102)

*“ഹേ, മനുഷ്യരേ, നിങ്ങളുടെമേൽ അല്ലാഹു ചെയ്ത അനുഗ്രഹം ഓർക്കുവിൻ. അല്ലാഹു അല്ലാതെ, ആകാശത്തു നിന്നും ഭൂമിയിൽനിന്നും നിങ്ങൾക്കു ഉപജീവനം നൽകുന്ന വല്ല സ്രഷ്ടാവും (വേറെ) ഉണ്ടോ?! അവനല്ലാതെ ആരാധ്യനേ ഇല്ല. എന്നിരിക്കെ എങ്ങിനെയാണ് നിങ്ങൾ (സത്യത്തിൽനിന്നു) തെറ്റിക്കപ്പെടുന്നത്?!”.* (35:3)

*“അവനത്രെ അല്ലാഹു; അവനല്ലാതെ ആരാധ്യനേയില്ല. ആദ്യലോകത്തും, അവസാനലോകത്തും [ഇഹത്തിലും, പരത്തിലും] സ്തുതികീർത്തനം അവന്നാകുന്നു. അവനുതന്നെയാണ് വിധികർതൃത്വവും; അവങ്കലേക്കു തന്നെ നിങ്ങൾ മടക്കപ്പെടുകയും ചെയ്യുന്നു”.* (28:70)

*“നിങ്ങളുടെ ഇലാഹ് [ആരാധ്യൻ] ഏക ഇലാഹാകുന്നു. അവനല്ലാതെ ഇലാഹേയില്ല; കാരുണ്യവാനും കരുണാനിധിയുമായുള്ളവനത്രെ (അവൻ)”.* (2:163)

*“(നബിയെ) പറയുക: അതു [കാര്യം]: അല്ലാഹു ഏകനാകുന്നു. അല്ലാഹു സർവ്വാശ്രയനായ യജമാനനത്രെ. അവൻ (സന്താനം) ജനിപ്പിച്ചിട്ടില്ല; അവൻ (സന്താനമായി) ജനിച്ചുണ്ടായിട്ടുമില്ല. അവനു തുല്യനായിട്ട് യാതൊരുവനും ഇല്ലതാനും”.* (112:1–4)

*“ഒരേ ഇലാഹിനെ [ആരാധ്യനെ] ആരാധിക്കുവാനല്ലാതെ അവരോട് കൽപിക്കപ്പെട്ടിട്ടില്ലതാനും. അവനല്ലാതെ ഒരു ആരാധ്യനേ ഇല്ല. അവർ പങ്കുചേർക്കുന്നതിൽ നിന്നും അവൻ എത്രയോ പരിശുദ്ധൻ!”. (9:31)*

തീർച്ചയായും, ദൈവത്തിന്റെ ഏകത്വം (അറബിയിൽ **തൗഹീദ്**) എന്ന പരിശുദ്ധവും വ്യക്തവുമായ ആശയമാണ് ഖുർആനിന്റെ പ്രധാന പ്രമേയം.



# പൊറുക്കലും മോക്ഷവും ഖുർആനിൽ

**“(നബിയെ, എന്റെ അടിയൻമാരോട് ഞാൻ പ്രസ്താവിച്ചതായി) പറയുക: ‘തങ്ങളുടെ (സ്വന്തം) ആത്മാക്കളോട് അതിരു കവിഞ്ഞു പോയിട്ടുള്ള എന്റെ അടിയാൻമാരേ, നിങ്ങൾ അല്ലാഹുവിന്റെ കാരുണ്യത്തെ സംബന്ധിച്ച് നിരാശപ്പെട്ടുപോകരുത്! നിശ്ചയമായും അല്ലാഹു പാപങ്ങളെ മുഴുവനും പൊറുക്കുന്നതാകുന്നു. നിശ്ചയമായും അവൻ തന്നെയാണ് വളരെ പൊറുക്കുന്നവനും കരുണാനിധിയുമായുള്ളവൻ”.** (39:53)

ഒരാത്മാവ് പശ്ചാത്തപിച്ച് അല്ലാഹുവിലേക്ക് മടങ്ങുമ്പോൾ, എല്ലാ പാപങ്ങളും പൊറുത്ത് കൊടുത്ത് അല്ലാഹു അവനെ സ്വീകരിക്കുന്നു. അതെ, നാം ആത്മാർത്ഥമായി അല്ലാഹുവിലേക്ക് മടങ്ങുമ്പോൾ അവനെല്ലാം പൊറുക്കുന്നു. എത്ര വലിയ കാര്യമാണിത്! **“നിശ്ചയമായും, പശ്ചാത്തപിച്ച് മടങ്ങുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നു; ശുദ്ധി പ്രാപിക്കുന്നവരെയും അവൻ ഇഷ്ടപ്പെടുന്നു”. (2:222)**

ഇസ്‌ലാം അല്ലാഹുവിനെ കാണുന്നത് വിദ്വേഷത്തിന്റെയോ രക്തച്ചൊരിച്ചിലിന്റെയോ തീവ്രവാദത്തിന്റെയോ സ്രോതസ്സായല്ല. മറിച്ച്, സമാധാനത്തിന്റെയും കരുണയുടെയും ക്ഷമയുടെയും ഉറവിടമായാണ് പരിചയപ്പെടുത്തുന്നത്.

അതിനാൽ, മോക്ഷവും അനശ്വര ജീവിതവും നേടാൻ, അല്ലാഹുവിലേക്ക് മടങ്ങുകയും അവനിൽ മാത്രം വിശ്വസിക്കുകയും പുണ്യ കർമങ്ങൾ നിർവഹിക്കുകയും ചെയ്യുക. മറ്റുള്ളവർ ചെയ്ത പാപങ്ങൾക്ക് പകരമായോ പ്രായശ്ചിത്തമായോ നിരപരാധിയും സദ്ഗുണസമ്പന്നനുമായ ഒരു വ്യക്തി ക്രൂശിക്കപ്പെടേണ്ട അല്ലെങ്കിൽ കൊല്ലപ്പെടേണ്ട ഒരു കാര്യവുമില്ല. ഇസ്‌ലാം അതിന്റെ അനുയായികളോട് (മുസ്‌ലിംകളോട്) മറ്റുള്ളവർക്ക് പൊറുത്ത് കൊടുക്കാൻ കൽപ്പിക്കുക കൂടി ചെയ്യുന്നു.

കാരുണ്യത്തിന്റെയും ക്ഷമയുടെയും മതമായ ഇസ്‌ലാമിലെ മോക്ഷം, ക്ഷമ എന്നീ മനോഹരമായ ആശയങ്ങളാണ് ഇവിടെ ഹ്രസ്വമായി വിവരിച്ചത്.



# ഖുർആനിലെ നീതി

**"ഹേ, വിശ്വസിച്ചവരേ, നിങ്ങൾ അല്ലാഹുവിനുവേണ്ടി (ഉറച്ച്) നിലകൊള്ളുന്നവരായിരിക്കുവിൻ, നീതിമുറക്ക സാക്ഷ്യം വഹിക്കുന്നവരായിക്കൊണ്ട്. ഒരു ജനതയോടുള്ള അമർഷം നിങ്ങൾ നീതി പാലിക്കാതിരിക്കുവാൻ നിങ്ങളെ നിശ്ചയമായും പ്രേരിപ്പിക്കരുത്. നിങ്ങൾ നീതി പാലിക്കണം, അതു ഭയഭക്തിയോടു കൂടുതൽ അടുപ്പമുള്ളതത്രെ. അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവിൻ. നിശ്ചയമായും അല്ലാഹു, നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ചു സൂക്ഷ്മമായി അറിയുന്നവനാകുന്നു". (5:8)**

ശത്രുവായാലും മിത്രമായാലും യുദ്ധകാലത്തും സമാധാന കാലത്തും എല്ലാവരോടും നീതി പുലർത്താനാണ് ഇസ്‌ലാം നമ്മെ പഠിപ്പിക്കുന്നത്. നിരുപാധികമായ നീതിയോടെയും, ധാർമികതയോടെയും പെരുമാറാൻ ഇസ്‌ലാം നമ്മെ പഠിപ്പിക്കുന്നു. വ്യക്തി താല്പര്യങ്ങൾക്കോ സാമൂഹിക സാംസ്കാരിക മാറ്റങ്ങൾക്കനുസരിച്ച് ധാർമിക മൂല്യങ്ങൾ മാറുന്നുവെന്ന ആശയത്തിനോ അതിൽ സ്ഥാനമില്ല.

**"നിശ്ചയമായും അല്ലാഹു, നിങ്ങളോട് കല്പിക്കുന്നു; (വിശ്വസിച്ചേൽപിക്കപ്പെട്ട) "അമാനത്തു" കളെ അവയുടെ ആൾക്കാർക്ക് നിങ്ങൾ കൊടുത്തു വീട്ടണമെന്ന്. മനുഷ്യർക്കിടയിൽ നിങ്ങൾ വിധികല്പിക്കുന്നതായാൽ, നിങ്ങൾ നീതിയനുസരിച്ച് വിധികല്പിക്കണമെന്നും".** (4:58)

ഇസ്‌ലാമിക സൗന്ദര്യത്തിന്റെയും കാരുണ്യം, നീതി എന്നീ അനശ്വര മൂല്യങ്ങളുടെയും പ്രായോഗിക പ്രകടനമെന്ന നിലയിൽ, മുസ്‌ലിം പണ്ഡിതന്മാർ **'അഞ്ച് അനിവാര്യതകൾ'** എന്ന് വിളിക്കുന്ന കാര്യങ്ങളെ സംരക്ഷിക്കാൻ ഇസ്‌ലാം നമ്മോട് കൽപിക്കുന്നു:

1. **മതം**
2. **ആത്മാവ്**
3. **മനസ്സ്**
4. **അഭിമാനം (അന്തസ്സ്)**
5. **സ്വത്തും സമ്പാദ്യവും**



ഒരാൾ നിരപരാധിയായ മറ്റൊരാളെ വധിക്കുന്നത് മൂലമുണ്ടാകുന്ന വിപത്ത് വിശുദ്ധ ഖുർആൻ മനോഹരമായി ചൂണ്ടിക്കാണിക്കുന്നു, **“അവൻ മനുഷ്യരെ മുഴുവൻ കൊല ചെയ്തതുപോലെയാകുന്നുവെന്നു; ആരെങ്കിലും അതിനെ [ഒരുദേഹത്തെ] ജീവിപ്പിക്കുന്നതായാൽ അവൻ മനുഷ്യരെ മുഴുവൻ ജീവിപ്പിച്ചതുപോലെയാകുന്നുവെന്നും”.(5:32)**

വിശ്വാസ സ്വാതന്ത്ര്യവും സംരക്ഷണവും സംബന്ധിച്ച് വിശുദ്ധ ഖുർആൻ പറയുന്നു: **“മതത്തിൽ നിർബന്ധം ചെലുത്തലേ ഇല്ല....”** (2:256)

ഇങ്ങനെ, നിർബന്ധിച്ചുള്ള ഇസ്‌ലാമികാശ്ലേഷണം അംഗീകരിക്കാതെ ഇസ്‌ലാം മനുഷ്യരാശിയെ ബഹുമാനിക്കുന്നു. അമുസ്‌ലിംകളോട് ഇടപഴകുമ്പോൾ ഇസ്‌ലാമിന്റെ സത്യവും സൗന്ദര്യവും നീതിയും ദയയും സഹിഷ്ണുതയും ഇങ്ങനെയാണ്. കൂടാതെ, മറ്റുള്ളവരെ വിധിക്കുന്നത് സത്യസന്ധതയോടെയും വസ്തുനിഷ്ഠതയോടെയും നീതിയോടെയും ആയിരിക്കണമെന്ന് ഇസ്‌ലാം നമ്മോട് കൽപ്പിക്കുന്നു.

വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നത് നമുക്ക് സ്മരിക്കാം: **“ഒരു ജനതയോടുള്ള അമർഷം നിങ്ങൾ നീതി പാലിക്കാതിരിക്കുവാൻ നിങ്ങളെ നിശ്ചയമായും പ്രേരിപ്പിക്കരുത്. നിങ്ങൾ നീതി പാലിക്കണം, അതു ഭയഭക്തിയോടു കൂടുതൽ അടുപ്പമുള്ളതത്രെ” (5:8).**

എന്നിരുന്നാലും, ഇസ്‌ലാമിലും മുഴുവൻ മുസ്‌ലിംകളിലും ഭീകരവാദം ആരോപിക്കുകയും ഇസ്‌ലാം വാളുകൊണ്ട് പ്രചരിച്ചതാണെന്ന് വാദിക്കുകയും ചെയ്യുന്ന, അന്യായത്തിന് കുട പിടിക്കുന്ന രാഷ്ട്രീയ-മത നേതാക്കളും എഴുത്തുകാരും ചരിത്രകാരന്മാരും മാധ്യമപ്രവർത്തകരും ധാരാളമുണ്ട്. ഏറ്റവും മോശവും മ്ലേച്ഛവുമായ ചിത്രങ്ങളിലും സിനിമകളിലും കാർട്ടൂണുകളിലും ഏക സത്യദൈവമായ അല്ലാഹുവിനെയും അവന്റെ അന്ത്യദൂതനായ മുഹമ്മദിനെയും അനാദരവോടെ തെറ്റായി ചിത്രീകരിക്കുന്നവരുമുണ്ട്.



# ഈ കാര്യങ്ങൾ വിചിന്തനം ചെയ്യൂ

- ഇതാണോ സ്വാതന്ത്ര്യം, പ്രത്യേകിച്ച് ആവിഷ്കാര സ്വാതന്ത്ര്യം കൊണ്ടുദ്ദേശിക്കുന്നത്? ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും കാര്യം വരുമ്പോൾ ഒരു ഇരട്ടത്താപ്പ് കാണുന്നില്ലേ?
- എന്തുകൊണ്ടാണ് 'ക്രിസ്ത്യൻ ഭീകരത/ഭീകരവാദികൾ', 'ജൂത ഭീകരത/ഭീകരവാദികൾ', 'ഹിന്ദു ഭീകരത/ഭീകരവാദികൾ', അല്ലെങ്കിൽ 'ബുദ്ധ ഭീകരത/ഭീകരവാദികൾ' എന്നീ സംജ്ഞകൾ മാധ്യമങ്ങളിൽ അപൂർവ്വമായി മാത്രം കേൾക്കുന്നത്?
- തീവ്രവാദം ഇസ്‌ലാമിനും മുസ്‌ലിംകൾക്കും മേൽ മാത്രമായി ആരോപിക്കപ്പെടുന്നതും ലേബൽ ചെയ്യപ്പെടുന്നതും എന്തുകൊണ്ടാണ്? മറ്റുള്ളവർ നടത്തുന്ന തീവ്രവാദവും അക്രമവും എങ്ങനെയാണ് വിലയിരുത്തപ്പെടുന്നത്?
- മറ്റുള്ളവരെയും അവരുടെ വിശ്വാസങ്ങളെയും അപമാനിക്കാനും ശപിക്കാനും നിന്ദിക്കാനും അല്ലെങ്കിൽ അവരുടെ മേൽ തീവ്രവാദം ആരോപിക്കാനും എല്ലാവർക്കും സ്വാതന്ത്ര്യമുണ്ടോ?
- സ്കൂളുകളിലും കോളേജുകളിലും പൊതുവെ സമൂഹത്തിലും നാഗരികതയും ജനാധിപത്യവും സ്വാതന്ത്ര്യവും യുവതലമുറയെ പഠിപ്പിക്കുന്നത് ഇങ്ങനെയാണോ?
- ലോകമെമ്പാടും ബുദ്ധിയും വസ്തുനിഷ്ഠതയും ആത്മാർത്ഥതയും തുറന്ന മനസ്സും ഉള്ള നിരവധി സ്ത്രീ-പുരുഷന്മാർ ഇക്കാലത്ത് ഇസ്‌ലാം ആശ്ലേഷിക്കുന്നത് യഥാർത്ഥത്തിൽ ഇസ്‌ലാമിന്റെ വാൾ കാരണത്താലാണോ? (ഈ സഹോദരീ-സഹോദരന്മാർ ഇസ്‌ലാം സ്വീകരിക്കാനുള്ള കാരണങ്ങളും മാർഗങ്ങളും ചർച്ച ചെയ്യുന്ന പുസ്തകങ്ങളും ലേഖനങ്ങളും കഥകളും വെബ്സൈറ്റുകളും വീഡിയോകളും സോഷ്യൽ മീഡിയ മെറ്റീരിയലുകളും ധാരാളമുണ്ട്. ഉദാഹരണത്തിന്, ഡെബ്ര എൽ. ഡിർക്സും സ്റ്റെഫാനി പാർലോവും എഡിറ്റ് ചെയ്ത "ഇസ്‌ലാം നമ്മുടെ തിരഞ്ഞെടുപ്പ്: ആധുനിക അമേരിക്കൻ മുസ്‌ലിം സ്ത്രീകളുടെ ഛായാചിത്രങ്ങൾ" എന്ന പുസ്തകം ഞാൻ ശുപാർശ ചെയ്യുന്നു).

കുറിപ്പ്: ലോകത്ത് ഏറ്റവും വേഗത്തിൽ വളരുന്ന മതം ഇസ്‌ലാമാണെന്ന് പാശ്ചാത്യ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. നിഷേധാത്മകമായ ചിത്രീകരണങ്ങൾക്കിടയിലും എന്തുകൊണ്ടാണ് ഇസ്‌ലാം ശ്രദ്ധയാകർഷിക്കുന്നത്?



# ഖുർആനിലെ സമത്വം

**"ഹേ, മനുഷ്യരേ, നിശ്ചയമായും നിങ്ങളെ നാം ഒരു ആണിൽനിന്നും ഒരു പെണ്ണിൽനിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ അന്യോന്യം (അറിഞ്ഞു) പരിചയപ്പെടുവാൻവേണ്ടി നിങ്ങളെ നാം (പല) ശാഖകളും, ഗോത്രങ്ങളും ആക്കുകയും ചെയ്തിരിക്കുന്നു. നിശ്ചയമായും അല്ലാഹുവിന്റെ അടുക്കൽ നിങ്ങളിൽ ഏറ്റവും ആദരണീയൻ, നിങ്ങളിൽ ഏറ്റവും (സൂക്ഷ്മതയുള്ള) ഭയഭക്തനാകുന്നു. നിശ്ചയമായും അല്ലാഹു, സർവജ്ഞനും സൂക്ഷ്മജ്ഞാനിയുമാണ്".** (49:13)

ഇസ്‌ലാമിലെ മാതൃകാപരമായ ഈ സമത്വ സങ്കൽപം സ്ഥിരീകരിച്ചുകൊണ്ട് പ്രവാചകൻ മുഹമ്മദ് അവസാന പ്രഭാഷണത്തിൽ പ്രഖ്യാപിച്ചു: **"ഹേ ജനങ്ങളേ, നിങ്ങളുടെ ദൈവം ഒന്നാണ്, നിങ്ങളുടെ പിതാവ് ഒന്നാണ്, നിങ്ങൾ എല്ലാവരും ആദമിൽ നിന്നുള്ളവരാണ്, ആദം മണ്ണിൽ നിന്നും. ഒരു അറബി അനറബിയെക്കാളോ, അനറബി അറബിയെക്കാളോ ശ്രേഷ്ഠനല്ല, വെളുത്തവന് കറുത്തവനെക്കാൾ ശ്രേഷ്ഠതയില്ല, കറുത്തവന് വെളുത്തവനെക്കാൾ ശ്രേഷ്ഠതയില്ല, നിങ്ങൾ എല്ലാവരും തുല്യരാണ്, ഭക്തി കൊണ്ടും സത്കർമങ്ങൾ കൊണ്ടുമല്ലാതെ ഒരാൾക്കും മറ്റുള്ളവരേക്കാൾ ശ്രേഷ്ഠതയില്ല".**

വംശം, നിറം, ദേശീയത എന്നിവയുടെ അടിസ്ഥാനത്തിൽ മറ്റുള്ളവരെ വെറുക്കുകയോ ഇകഴ്ത്തുകയോ ചെയ്യരുതെന്ന് ഇസ്‌ലാം നമ്മെ പഠിപ്പിക്കുന്നു.

ലോകത്ത് അരങ്ങേറുന്ന വംശീയ സംഘർഷമെന്ന വിപത്തിനുള്ള പ്രായോഗിക പ്രതിവിധിയാണ് ഇസ്‌ലാം.

ഇസ്‌ലാമിൽ, കറുത്തവരും വെളുത്തവരും ഒരേ മനുഷ്യവംശത്തിലെ സഹോദരീ-സഹോദരന്മാരാണ്. മണ്ണിൽ നിന്ന് സൃഷ്ടിക്കപ്പെട്ട ആദം എന്ന പൊതു പിതാവിൽ നിന്നാണ് നാമെല്ലാവരും ജനിച്ചത്, അങ്ങനെ നോക്കുമ്പോൾ, നാമെല്ലാവരും മണ്ണിൽ നിന്നുള്ളവരും മണ്ണിലേക്ക് മടങ്ങേണ്ടവരും വീണ്ടും മണ്ണായി മാറേണ്ടവരുമാണ്.

ഈ സുപ്രധാന പാഠം മുകളിൽ പറഞ്ഞ, ഖുർആനിലെയും പ്രവാചകന്റെ അവസാന പ്രഭാഷണത്തിലെയും ഉദ്ധരണികളിൽ നിന്ന് ഉരുത്തിരിഞ്ഞതാണ്. എന്നിട്ടും എന്തുകൊണ്ടാണ് ചിലർ ദുരഭിമാനം നടിക്കുകയും മറ്റുള്ളവരോട് അഹങ്കാരത്തോടെ പെരുമാറുകയും ചെയ്യുന്നത്?



# സന്ദേശത്തിന്റെ സാർവത്രികതയും ഏകത്വവും

മുസ്‌ലിംകൾ ആദം, നൂഹ്, ഇബ്രാഹീം, ഇസ്മാഈൽ, ഇസ്ഹാഖ്, യഅ്ഖൂബ്, മൂസ, ഈസ, മുഹമ്മദ് (ദിവ്യ ശാന്തി അവരിലെല്ലാം സദാ വർഷിക്കട്ടെ) തുടങ്ങി എല്ലാ ദൈവദൂതന്മാരെയും സ്നേഹിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നു.

ഖുർആൻ പറയുന്നു: **"(സത്യവിശ്വാസികളേ) നിങ്ങൾ പറയുവിൻ: ഞങ്ങൾ അല്ലാഹുവിലും, ഞങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടതിലും, ഇബ്റാഹീമിനും, ഇസ്മാഈലിനും, ഇസ്ഹാഖിനും, യഅ്ഖൂബിനും (അദ്ദേഹത്തിന്റെ) സന്തതികൾക്കും അവതരിപ്പിക്കപ്പെട്ടതിലും, മൂസാക്കും, ഈസാക്കും നൽകപ്പെട്ടതിലും, പ്രവാചകൻമാർക്ക് തങ്ങളുടെ റബ്ബിങ്കൽ നിന്ന് നൽകപ്പെട്ടതിലും (എല്ലാം) വിശ്വസിച്ചിരിക്കുന്നു. അവരിൽ നിന്ന് ഒരാൾക്കിടയിലും ഞങ്ങൾ വ്യത്യാസം വരുത്തുന്നില്ല. ഞങ്ങൾ അവന് [അല്ലാഹുവിന്] കീഴൊതുങ്ങിയവരും [മുസ്‌ലിംകളും] ആകുന്നു".** (2:136)

പ്രവാചകൻ മുഹമ്മദ് (ദിവ്യ ശാന്തി അവരിൽ സദാ വർഷിക്കട്ടെ) പറഞ്ഞു: **"മർയമിന്റെ പുത്രൻ ഈസയോട് ഏറ്റവുമടുത്തവൻ ഞാനാണ്. കാരണം, അദ്ദേഹത്തിനും എനിക്കും ഇടയിൽ മറ്റൊരു പ്രവാചകൻ ഉണ്ടായിരുന്നില്ല. പ്രവാചകന്മാർ സഹോദരങ്ങളാണ്, അവരുടെ മാതാക്കൾ വ്യത്യസ്തരാണെങ്കിലും മതം ഒന്നാണ്.**

**അങ്ങനെയെങ്കിൽ, എല്ലാ ദൈവദൂതന്മാരുടെയും സാർവത്രികമായ ഈ ഏകസത്യമതം ഏതായിരിക്കും?**



വിശുദ്ധ ഖുർആനിന്റെ സൗന്ദര്യവും മാധുര്യവും പരിശുദ്ധിയും അതിരുകളില്ലാത്തതാണ്, അതിനാൽ, വ്യാഖ്യാനങ്ങളില്ലാതെ ചില ഖുർആൻ വാക്യങ്ങൾ ഉദ്ധരിക്കാം. നിങ്ങൾ അവയെക്കുറിച്ച് ചിന്തിക്കണമെന്നും ആലോചിക്കണമെന്നും ഞാൻ ആഗ്രഹിക്കുന്നു. അന്തിമ വേദമായ ഖുർആനിൽ നിന്ന് കൂടുതൽ നിധികൾ സ്വയം കണ്ടെത്താൻ ശ്രമിക്കുമല്ലോ.

## അല്ലാഹുവും അവന്റെ പ്രവാചകനും


*“അവനത്രെ, സന്മാർഗ്ഗവും, യഥാർത്ഥ മതവുമായി തന്റെ റസൂലിനെ അയച്ചവൻ...” (48:28)*

*“മുഹമ്മദ് നിങ്ങളുടെ പുരുഷൻമാരിൽ ഒരാളുടെയും പിതാവായിട്ടില്ല; എങ്കിലും, (അദ്ദേഹം) അല്ലാഹുവിന്റെ റസൂലും, നബിമാരിൽ അവസാനത്തവനുമാകുന്നു. അല്ലാഹു എല്ലാ വസ്തുവെക്കുറിച്ചും അറിയുന്നവനാകുന്നു”. (33:40)*

## ശാന്തതയും സ്വർഗ്ഗവും

*“അവനത്രെ, സത്യവിശ്വാസികളുടെ ഹൃദയങ്ങളിൽ ശാന്തത ഇറക്കിക്കൊടുത്തവൻ; അവരുടെ വിശ്വാസത്തിൽ കൂടി (വീണ്ടും) അവർക്കു വിശ്വാസം വർദ്ധിക്കുവാൻവേണ്ടി. അല്ലാഹുവിനു ആകാശങ്ങളിലെയും, ഭൂമിയിലെയും സൈന്യങ്ങളുണ്ട്. അല്ലാഹു സർവ്വജ്ഞനും, അഗാധജ്ഞനുമാകുന്നു. സത്യവിശ്വാസികളെയും, സത്യവിശ്വാസിനികളെയും അടിഭാഗത്തിലൂടെ അരുവികൾ ഒഴുകി കൊണ്ടിരിക്കുന്ന സ്വർഗ്ഗങ്ങളിൽ – അവരതിൽ നിത്യവാസികളായ നിലക്ക് – അവൻ പ്രവേശിപ്പിക്കുവാനും; അവർക്കു അവരുടെ തിന്മകളെ (മാപ്പ് ചെയ്ത്) മൂടിവെച്ച് കൊടുക്കുവാനും വേണ്ടി(യാണ് അത്). അതു അല്ലാഹുവിന്റെ അടുക്കൽ മഹത്തായ ഭാഗ്യമാകുന്നു”. (48:4–5)*

*“ഹേ, സമാധാനമടഞ്ഞ ആത്മാവേ! തൃപ്തിപ്പെട്ടു കൊണ്ട്, തൃപ്തി ലഭിച്ചുകൊണ്ട്, നീ നിന്റെ രക്ഷിതാവിങ്കലേക്ക് മടങ്ങിക്കൊള്ളുക. എന്നിട്ട് എന്റെ അടിയാൻമാരിൽ പ്രവേശിച്ചുകൊള്ളുക. എന്റെ സ്വർഗത്തിലും പ്രവേശിച്ചുകൊള്ളുക”. (89:27–30)*



## സ്ത്രീ–പുരുഷൻമാർ ഇസ്‌ലാമിൽ

*“നിശ്ചയമായും, “മുസ്‌ലിം”കളായ [കീഴൊതുക്കമുള്ള] പുരുഷൻമാരും സ്ത്രീകളും, “മുഅ്മിന”കളായ [സത്യവിശ്വാസികളായ] പുരുഷൻമാരും സ്ത്രീകളും, ഭക്തന്മാരായ പുരുഷൻമാരും സ്ത്രീകളും, സത്യവാൻമാരായ പുരുഷൻമാരും സ്ത്രീകളും, ക്ഷമാശീലരായ പുരുഷൻമാരും സ്ത്രീകളും, ഭയപ്പാടുള്ള പുരുഷൻമാരും സ്ത്രീകളും, ദാനധർമ്മം ചെയ്യുന്ന പുരുഷൻമാരും സ്ത്രീകളും, നോമ്പനുഷ്ഠിക്കുന്ന പുരുഷൻമാരും സ്ത്രീകളും, തങ്ങളുടെ ഗുഹ്യസ്ഥാനങ്ങളെ കാത്തുസൂക്ഷിക്കുന്ന പുരുഷൻമാരും സ്ത്രീകളും, അല്ലാഹുവിനെ ധാരാളം ഓർമ്മിക്കുന്ന പുരുഷൻമാരും സ്ത്രീകളും, ഇവർക്കു (എല്ലാവർക്കും) അല്ലാഹു പാപമോചനവും, മഹത്തായ പ്രതിഫലവും ഒരുക്കിവെച്ചിരിക്കുന്നു”.* (33:35)

*“ആണായോ, പെണ്ണായോ ഉള്ള ആരെങ്കിലും താൻ സത്യവിശ്വാസിയായും കൊണ്ട് സൽക്കർമങ്ങളിൽ നിന്ന് (വല്ലതും) ചെയ്യുന്ന പക്ഷം, അക്കൂട്ടർ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്...”* (4:124)

## മഹത്തായ അധ്യാപനങ്ങൾ

*“നിങ്ങളുടെ റബ്ബിങ്കൽ നിന്നുള്ള പാപമോചനത്തിലേക്ക് (അന്യോന്യം) ധൃതികൂട്ടി വരുകയും ചെയ്യുവിൻ; ഒരു സ്വർഗത്തിലേക്കും (ധൃതി കൂട്ടുവിൻ): അതിന്റെ വിസ്താരം ആകാശങ്ങളും ഭൂമിയും (കൂടിയ അത്ര) ആകുന്നു; അത് സൂക്ഷ്മത പാലിക്കുന്നവ (രായ ഭയ ഭക്തന്മാ)ർക്കു വേണ്ടി ഒരുക്കിവെക്കപ്പെട്ടിരിക്കുന്നു. അതായത്, സന്തോഷാവസ്ഥയിലും, കഷ്ടാവസ്ഥയിലും ചിലവഴിക്കുന്നവർ, കോപം ഒതുക്കിവെക്കുന്നവരും, മനുഷ്യർക്ക് മാപ്പ് നൽകുന്നവരും. അല്ലാഹു, നന്മ പ്രവർത്തിക്കുന്നവരെ സ്നേഹിക്കുന്നതുമാണ്. യാതൊരു കൂട്ടരും: തങ്ങൾ വല്ല നീചകൃത്യവും ചെയ്യുകയോ, അല്ലെങ്കിൽ തങ്ങളോട് തന്നെ അക്രമം പ്രവർത്തിക്കുകയോ ചെയ്താൽ, അവർ അല്ലാഹുവിനെ ഓർമിക്കുകയും, അങ്ങനെ, തങ്ങളുടെ പാപങ്ങൾക്ക് വേണ്ടി പാപമോചനം തേടുകയും ചെയ്യുന്നതാണ്;– അല്ലാഹു അല്ലാതെ പാപങ്ങളെ ആര് പൊറുക്കും?! (മാത്രമല്ല) തങ്ങൾ ചെയ്തതിൽ അറിഞ്ഞുംകൊണ്ട് അവർ ശഠിച്ച് നിൽക്കുകയുമില്ല. [ഇങ്ങനെയുള്ളവർക്കാണ് സ്വർഗം ഒരുക്കപ്പെട്ടിരിക്കുന്നത്] അക്കൂട്ടർ– (അതെ) അവരുടെ പ്രതിഫലം, തങ്ങളുടെ റബ്ബിങ്കൽ നിന്നുള്ള പാപമോചനവും, അടിഭാഗത്തിലൂടെ അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്ന സ്വർഗങ്ങളുമാകുന്നു; അതിൽ (അവർ) നിത്യവാസികളായ നിലയിൽ. പ്രവർത്തിക്കുന്നവരുടെ പ്രതിഫലം എത്ര നല്ലത്!”* (3:133–136)



## വിധികളും വിലക്കുകളും

***“...നിങ്ങൾ അല്ലാഹുവിനെയല്ലാതെ ആരാധിക്കുകയില്ല [ആരാധിക്കരുത്] എന്നും, മാതാപിതാക്കൾക്കും, അടുത്തബന്ധുകൾക്കും അനാഥകൾക്കും, അഗതികൾക്കും നന്മ ചെയ്യണമെന്നും, നിങ്ങൾ മനുഷ്യരോട് നല്ലത് പറയണമെന്നും...”*** (2:83)

## സ്മരണയും മനസ്സമാധാനവും

***“അതായതു, വിശ്വസിക്കുകയും, അല്ലാഹുവിന്റെ സ്മരണകൊണ്ട് തങ്ങളുടെ ഹൃദയങ്ങൾ ശാന്തമായിത്തീരുകയും ചെയ്യുന്നവർ. അല്ലാ (അറിയുക)! അല്ലാഹുവിന്റെ സ്മരണകൊണ്ടത്രെ ഹൃദയങ്ങൾ ശാന്തമായിത്തീരുന്നത്”.*** **(13:28)**

*തീർച്ചയായും, വിശുദ്ധ ഖുർആനിലെ സത്യങ്ങൾക്കും പ്രയോജനങ്ങൾക്കും അത്ഭുതങ്ങൾക്കും അറ്റമില്ല. ഖുർആൻ കൂടുതൽ വായിക്കുന്തോറും, ഓരോ തവണയും നമ്മൾ ആദ്യമായി വായിക്കുകയാണെന്ന് തോന്നും വിധം കൂടുതൽ ഉൾക്കാഴ്ച്ചകൾ നമുക്ക് ലഭിക്കുന്നു.*

*ദൈർഘ്യം ഭയന്ന് ഇവിടെ ചർച്ച ചെയ്യാത്ത, ഖുർആനിന്റെ ആധികാരികതയുമായി ബന്ധപ്പെട്ട അത്ഭുതങ്ങൾ, ഭാഷാപരമായ മികവ്, ശാസ്ത്രീയ അറിവുകൾ, വൈദ്യശാസ്ത്ര പ്രതിവിധികൾ തുടങ്ങി നിരവധി ആകർഷകമായ കാര്യങ്ങൾ ഖുർആനിലുണ്ട്.*



# ഇനിയുമറിയാൻ ആകാംക്ഷയുണ്ടോ?

ഇസ്‌ലാമിനെക്കുറിച്ച് കൂടുതൽ വിവരങ്ങളും വിശദാംശങ്ങളും അറിയാൻ നിങ്ങൾക്ക് ആകാംക്ഷയും താൽപര്യവുമുണ്ടെങ്കിൽ, ദയവായി ഞങ്ങളുടെ വെബ്‌സൈറ്റ് സന്ദർശിക്കുക:

**www.discoveritsbeauty.com**

## "അതിന്റെ സൗന്ദര്യം കണ്ടെത്തൂ" സീരീസ്:

1. ഇതൊരു തുടക്കം മാത്രം
2. ആദമിന്റെയും ഹവ്വയുടെയും മതം
3. ഇസ്‌ലാമിന്റെ അടിസ്ഥാന തത്വങ്ങൾ
4. മനുഷ്യരാശിയെ കുഴക്കിയ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ
5. അല്ലാഹുവിന്റെ മനോഹര നാമങ്ങൾ
6. അന്തിമ വെളിപാട്
7. അന്ത്യ ദൂതൻ

## ഉപകാരപ്രദമായ ഇസ്‌ലാമിക വെബ്‌സൈറ്റുകൾ:

http://www.allahsquran.com

http://www.quranexplorer.com

http://www.islamhouse.com

http://www.edialogue.org

http://www.islamreligion.com

http://www.newmuslimguide.com

http://www.guidetoislam.com/en/

## സത്യസാക്ഷ്യവചനം
### (ഇസ്‌ലാമിലേക്കുള്ള കവാടം)

“അല്ലാഹു അല്ലാതെ ഒരു ദൈവവുമില്ലെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു, മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാണെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.” അറബിയിൽ അത് ഇങ്ങനെ വായിക്കാം:

أَشْهَدُ أَنْ لَا إِلٰهَ إِلَّا اللهُ وَأَشْهَدُ أَنَّ مُحَمَّدًا رَسُولُ اللهِ

അതിന്റെ ഉച്ചാരണം ഇങ്ങനെയാണ്:

**അശ്ഹദു അല്ലാഇലാഹ ഇല്ലല്ലാഹ്**
**വ അശ്ഹദു അന്ന മുഹമ്മദൻ റസൂലുല്ലാഹ്.**

ഇസ്‌ലാം സ്വീകരിക്കാൻ ഒരാൾ ഉച്ചരിക്കേണ്ട വിശ്വാസ സാക്ഷ്യമാണിത്; ഇസ്‌ലാമിക സൗന്ദര്യത്തിന്റെയും ലാളിത്യത്തിന്റെയും സത്യത്തിന്റെയും സംഗ്രഹമാണിത്.



DISCOVER

ITS BEAUTY

WWW.DISCOVERITSBEAUTY.COM

ഇത് സ്കാൻ ചെയ്യൂ

GLOBAL ACADEMY FOR TRANSLATION AND EDUCATION (GATE)
LONDON | THE UNITED KINGDOM
വിവർത്തനം: AL-ANDALUS GROUP LTD
WWW.ALANDALUSGROUP.ORG

كتاب الوحي الأخير باللغة المالايالامية